# HYDEL BULLET

Issue - 8, Vol - 8, August 2020

A Monthly Publication of the Kerala State Electricity Board Engineers' Association


# RUFFLING THE FEATHERS

Not so recent happenings and debates regarding the high consumption of power during the lockdown and the subsequent billing and then extending concessions to consumers have dented a serious blow to KSEBL image among public. Pondering over the mistakes that happened will keep us in good stead in future while dealing with such matters. The matter of high bills of consumers was not raised as an issue and was under control till the management decided to go offensive against some news that appeared in certain social media.

It was very clear that there was very high consumption during lockdowns. Meter readings substantiated the facts. But what made matters worse was the suspension of meter reading during the initial days of lockdown. This can be justified as the requirement of the lockdown protocols. But this created a situation where most of the meter readings cannot be taken, wherein bills had to be raised considering previous average consumptions, treating the then reading status as door-lock. This created multiple scenarios which cannot be envisaged previously. This situation could have been handled amicably by explaining the same to consumers as there was no mistake from the part of KSEBL barring some odd cases due to other constraints.

*Cont...page 4*



# KSEBEA conducted Webinars

## Webinar - 12

**" Transmission Line Survey and Tower Height Design"**

Resource Person : **Er. Suresh V**, Executive Engineer
Sunday, July 5th, 2020 @ 19:30 hrs

## Webinar - 13

**"Power Electronics Control for Thermoelectric Generator Systems"**

Resource Person : **Dr. Bijukumar B,** Assistant Engineer
Sunday, July 12th, 2020 @ 19:30 hrs

## Webinar - 14

**"Microsoft Excel And its functions ( Part -2 )"**

Resource Person : **Er. Vivek** , Assistant Engineer
Sunday, July 19th, 2020 @ 19:30 hrs

## Webinar - 15

**"Fundamentals of Insulation Testing of Power Equipments"**

Resource Person : **Er. Haridas**, Assistant Engineer
Sunday, July 26th, 2020 @ 19:30 hrs

## Webinar - 16

**"Short Circuit Current and its Importance in Power System"**

Resource Person : **Er. P A Johny**, Rtd. Executive Engineer
Wednesday, July 29th, 2020 @ 19:30 hrs

## KSEB Engineers' Association
### Office Bearers 2019 - 20

**ASSOCIATION**

**President**
Er. N.T. Job

**Vice-Presidents**
Er. G. Shaj Kumar (S)
Er. P. Jayakrishnan (N)

**General Secretary**
Er. Sunil K

**Treasurer**
Er. Santhosh E

**Organising Secretaries**
Er. Nishanth B (S)
Er. Shine Sebastian (N)

**Secretaries**
Er. M. Muhammad Rafi (HQ)
Er. Anilkumar G (S)
Er. Nagaraj Bhat K (N)

**BENEVOLENT FUND**

**Chairman**
Er. Sajeev K

**Vice Chairman**
Er. Resmi P.S.

**Secretary**
Er. Haridas Vijayan

**Treasurer**
Er. Pradeep S.V

**Joint Secretaries**
Er. Naveen T.R (South)
Er. Pramod Kumar M (North)

**EDITORIAL BOARD**

**Chief Editor**
Er. P. Muraly

**Associate Editors**
Er. Sreekumar. P.K
Er. Anoop Vijayan
Er. Priyanka P.S

**Ex. Officio Members**
Er. Sunil K
Er. Santhosh E


# HYDEL BULLET


(A Monthly Publication of the KSEB Engineers' Association)

Vol - 8 Issue - 8 August 2020


## *Contents*


- Editorial
- സ്പെഷ്യലല്ലേ എല്ലാം, റൂൾസിൽ
  *Er. എൻ.ടി.ജോബ്*
- ഇല്ലാത്തബോണ്ടും വല്ലാത്ത ട്രസ്റ്റും
- വിലയ്ക്കുവാങ്ങുന്ന വിപത്തുകൾ - 4
  ഉരുൾപൊട്ടലും വിമാനദുരന്തവും
  *Er. ഇ.എം. നസീർ*
- Control system equipment that supervises, protects and controls the substation operation
  *Er. Anoop Vijayan*
- The Anatomy of Speaking Up
  *Er. Chandran Pillai. G.*
- LIFE begins at the end of your s COMFORT ZONE
  *Er. Thomas Kolanjikombil*
- **പ്രപഞ്ചതാളം *(സുഭാഷിതം)***
  *Er. കെ. ശശിധരൻ*
- **കവിത – മഹാ വിപത്ത്**
  സീമനി *(കെ.എം. രാമൻ നമ്പൂതിരി)*
- Letter by Association
- Letter to the Editor

But Management chose to handle it another way. In response to a social media trolling of KSEBL, suddenly the KSEBL pride rose and the media was trolled back. The way that troll video was created exposed the utter lack of professionalism by a socially responsible organization in handling the matters related to consumer. The media was not at all a prominent one and the professional wisdom was to ignore it. But the issue of high bill was real and due to Covid lockdown situation, the high bills itself was a dilemma for many consumers, due to their lack of livelihood. The media then released a series of follow up troll videos maligning KSEBL in all ways. The viewership of these videos increased exorbitantly, only due to the response of KSEBL to the first video.

Suddenly Management realised the damage that was done and Chairman himself chose to come out to defend. This somewhat backfired in the first instance itself due to the bill renewal of celebrity who came online, which was touted and publicized as a mistake by KSEBL among public by various media. Despite the best attempt of Chairman to describe the complexity of billing among public, it was widely perceived as an attempt to eyewash the public regarding the billing. We have a feeling that Chairman was misguided and was chosen as a scapegoat in the whole political play.

Meanwhile many appeared in media touting as KSEBL officials explaining the various pros and cons of billing and attempting their political propaganda. How an official representing KSEBL can go live in media and voice against and for political parties, rather than presenting facts is a question by itself. It was also seen by some officials as misrepresenting the facts regarding projects etc. This blatant violation with the silent approval of Management seems to be one of the final nails in the deterioration of the professionalism in the organisation. The personnel who appeared in media were mostly averse to consumer grievances and were busy defending their political bosses. The consumer who had grievances felt helpless in these wars of words.

KSEBL seems to be owned and controlled by an Association as perceived by the Management. The whole Management team has now surrendered to their views and it seems no other contrarian views are encouraged and not even allowed to be aired. It is to be remembered that this same people had undermined a billing computerization project and setback KSEBL by almost 10 years in computerization of billing. Fifteen years back this Association had gone all offensive against then KSEB in public, in all forums and had dented the image of KSEBL then, so that KSEBL had to drop

that project. This was done for some cheap political gains. Those who were in service then have the vivid memory of that Association officials breaking our image in public then through print and visual media. The same Association is being projected now as saviors of KSEBL and many of them are in top controlling the present KSEBL management in all policy decisions. What an irony!!!

The fact that Government had to announce subsidy to somewhat douse the feelings of general public proves the fact that it had gone out of control. The damage control that have done by the Government, for which they have every right to do, is again a sword to the head of KSEBL. It is in everyone's knowledge that such announcements are not normally realized in Accounts of KSEBL. Hence ultimately the damages are our own which we could have avoided with some professional response.

KSEBEA had always aired their opinions freely and the opinions are from our professional minds without any political bias. Whether Management wishes to hear it or not, is up to them.

We have maintained that our IT systems lack professionalism in all aspects. This issue has highlighted the same. This can be taken as an opportunity to really have a rethinking on the whole IT implementation activities in our organization. We are again informing the Management that there are so many wrong professional practices going on in IT wing related to development and maintenance of the IT application systems. We had an audit wing going through the daily billing scenarios at the time of manual billing and currently a proper and professional audit is long pending in our IT infrastructure, policies and operations. There are statutes of IT AUDIT in software development. Audit trails in software systems are a must in information systems, especially those dealing with financial matters. We demand a comprehensive IT audit in all our information systems to improve the same to a professional environment.

Association also demands a pragmatic approach while dealing with issues relating to consumers. Ruffling the feathers will create a negative image and all the good deeds done during flood and other disasters will be forgotten. The approach while dealing with issues shall be professional rather than political. KSEBL is a utility owned by public not by an Association or any political party and to remind this to the Management seems to be the task right now. And we feel ashamed to give such a reminder.






# സ്പെഷ്യലല്ലേ എല്ലാം, റൂൾസിൽ

**Er. എൻ.ടി. ജോബ്**
*പ്രസിഡന്റ്, KSEBEA*

**ഹോ**ട്ടലിൽ കയറി ഭക്ഷണം കഴിക്കുവാനിരുന്നാൽ സാധാരണ ഊണിന് ഒരു വിലയും, വേറെ എന്തെങ്കിലും വേണമെങ്കിൽ അതിനെല്ലാം സ്പെഷ്യൽ വിലയുമായിരിക്കും. പക്ഷെ മിനിമം വിലയ്ക്കു ഊണുകിട്ടും. ബാക്കിയൊന്നും മോഹിക്കാതിരുന്നാൽ മതി, എന്നാൽ ഒരു തട്ടുകടയിൽ ചെന്നാലോ എല്ലാം സ്പെഷ്യലാണ്. ഓരോന്നിനും വേറെവേറെ വിലകൊടുക്കേണ്ടിവരും. ഇരിക്കാനോ സീറ്റ് കിട്ടിയെന്നുവരില്ല. അതുപോലെയാണ് കെ.എസ്.ആർ. മാറ്റി സ്പെഷ്യൽ റൂൾസ് വരുമ്പോൾ, ഹോട്ടലിൽ നിന്നും തട്ടുകടയിലേക്കുള്ള മാറ്റം, അത്ര തന്നെ താൽക്കാലിക നിയമനം, ഔട്ട് ബോർഡിംഗ്, സീനിയോരിറ്റി മറികടക്കൽ, തസ്തികകളുടെ തരംതാഴ്ത്തൽ തുടങ്ങിയ പുതിയ കലാപരിപാടികൾ ഭംഗി വാക്കുകൾ ചേർത്ത് സ്പെഷ്യൽ റൂൾസിൽ വരച്ചുചേർത്തിട്ടുമുണ്ട്. അന്താരാഷ്ട്ര ലോബികളൊക്കെ ചെയ്യുന്നപോലെ ഇരയെ പിടിക്കുവാൻ ചൂണ്ടയിൽ 6,7,8 എന്ന പുതിയ നമ്പറുകൾ കൊളുത്തിയിട്ടുമുണ്ട്. ആറാം വർഷവും അതിനുശേഷം ഏഴാം വർഷവും അതിനു ശേഷം എട്ടാം വർഷവും ഗ്രേഡ് എന്ന നമ്പറുകൾ ഇറക്കിയിട്ടുമുണ്ട്, അതിൽ കൊത്താൻ ആളെ കിട്ടിയാൽ കാര്യങ്ങൾ കൂടുതൽ എളുപ്പമായി.

നിലവിലുള്ള ഏഴു തസ്തികകളിലേക്കുള്ള റിക്രൂട്ട്മെന്റ് നിറുത്തുകയാണ്. വർക്കർ, മീറ്റർ റീഡർ, ഓഫീസ് അറ്റന്റന്റ്, സ്വീപ്പർ, ഫെയർകോപ്പി അസിസ്റ്റന്റ്, ഡ്രൈവർ എന്നീ തസ്തികകളാണത്. എന്നാൽ ഡ്രൈവറുടെ തസ്തിക വേണ്ടെന്നുവയ്ക്കുകയും ഇപ്പോഴും വാഹനങ്ങൾ ബോർഡ് വാങ്ങുകയും ചെയ്യുന്ന വൈരുദ്ധ്യാധിഷ്ഠിത നിലപാടുകൾ കാണുന്നുമുണ്ട്. മീറ്റർ റീഡർ, സ്വീപ്പർ തുടങ്ങിയ തസ്തികകളിലേക്ക് ആളെ എടുക്കാതെ വരുമ്പോൾ ഔട്ട്ബോർഡിംഗ് രീതിയിൽ സേവനത്തിനായി കമ്പനികളെ ആശ്രയിക്കേണ്ടിവരും. ഔട്ട്ബോർഡിംഗിനെതിരെ പല്ലും നഖവും ഉപയോഗിച്ച് എതിർക്കുമെന്നു പറഞ്ഞവർ ഈ നാട്ടിൽ വിലസുമ്പോഴാണ് അത് ഒരു കമ്പനിയുടെ ഔദ്യോഗികമായി പുറത്തിറക്കുന്ന സർവ്വീസ് റൂളിൽ ഇടം പിടിക്കുന്നത്.

ഈ വിഭാഗങ്ങളെയെല്ലാം ഒഴിവാക്കുമ്പോൾ പുതിയതായി കുറെ വിഭാഗങ്ങൾ ഉണ്ടാക്കുന്നു മുണ്ട്. മൾട്ടി ടാസ്കിംഗ് സ്റ്റാഫ്, ലോ വിഭാഗം, ഐടി കമ്മ്യൂണിക്കേഷൻ, എച്ച്.ആർ. മാനേജ്മെന്റ്, ജനറൽ എക്സിക്യൂട്ടീവ് എന്നിവയാണ് പുതിയ വിഭാഗങ്ങൾ. ഇതി ലേക്ക് എന്തായാലും

പി.എസ്.സി. വഴി റിക്രൂട്ട്മെന്റ് നടത്തുമെന്നുളളത് ശരിതന്നെ. പക്ഷെ ഈ ഓരോ വിഭാഗത്തിലും മുകളിലോട്ടുള്ള തസ്തികകളിൽ എങ്ങിനെ ആളുകളെ നിയമിക്കണമെന്ന് ക,മ എന്നൊരു അക്ഷരം പറഞ്ഞിട്ടില്ല. അവിടെ സ്പെഷ്യൽ റൂൾസിലെ രണ്ടാമത്തെ സെക്ഷനിൽ രണ്ടാമതായി പറയുന്ന കള്ളക്കളി, താൽക്കാലിക നിയമനം, അത് ഒരു വർഷം വരെ വെയ്ക്കുവാൻ സി.എം.ഡി.യ്ക്ക് അധികാരം നൽകുമ്പോൾ, അത് അഞ്ചു വർഷം വരെ നീട്ടുവാൻ ഡയറക്ടർ ബോർഡിനും അധികാരമുണ്ടായിരിക്കും. ഇതാണ് തട്ടിപ്പുകളുടെ പ്രഭവ സ്ഥാനം. ഇത്തരം ഒരു വകുപ്പും വെച്ച് കൊണ്ട് സർക്കാർ ഐ.ടി. കമ്പനിയിൽ കാട്ടിക്കൂട്ടിയ അതിക്രമങ്ങൾ ഓരോന്നും മാധ്യമങ്ങളിലൂടെ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്, അതേ രീതിയിൽ ഇവിടെയും നിയമനങ്ങൾ നല്കാമെന്നു ആരെങ്കിലും മനക്കോട്ടകെട്ടുന്നുണ്ടെങ്കിൽ അത് തകർക്കേണ്ടത് നമ്മുടെ ആവശ്യമാണ്. താല്ക്കാലിക നിയമനങ്ങൾക്ക് ഔദ്യോഗിക പരിവേഷം,അതാണ് സ്പെഷ്യൽ റൂൾസിന്റെ പ്രത്യേകത. സർക്കാർ സർവ്വീസിൽ നിന്നോ സർക്കാർ ബന്ധമുള്ള ഏതെങ്കിലും വകുപ്പുകളോ പഞ്ചായത്തുകളോ എവിടെ നിന്നു വേണമെങ്കിലും താല്ക്കാലിക നിയമനമാവാം എന്നാണ് പറഞ്ഞിരിക്കുന്നത്. വകുപ്പുകളിലേക്കാണെങ്കിൽ ഡെപ്യൂട്ടേഷൻ എന്ന വാക്കുപയോഗിച്ചാൽ മതിയല്ലോ. എന്നാൽ താൽക്കാലിക നിയമനം എന്ന വാക്കു കടന്നു വരുമ്പോൾ ഉദ്ദേശവും ലക്ഷ്യവും സർക്കാർ ഐടി കമ്പനിയിലേക്കു തന്നെ. സർക്കാർ കമ്പനികളിലും വകുപ്പുകളിലും ഇത്തരത്തിൽ തല്ക്കാലത്തേക്കു ആളുകളെ എടുക്കേണ്ടി വരുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുണ്ട്. അതുപോലെ തന്നെ പ്രൊഫഷണൽ എപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുണ്ട്. ഇതൊഴിവാക്കി കൊണ്ടാണ് താൽക്കാലിക നിയമനത്തിനുള്ള വകുപ്പുചേർത്തിരിക്കുന്നത്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നാണെങ്കിൽ ആറുമാസത്തേക്കാണ് വെക്കുക, ഇവിടെ അത് അഞ്ചുവർഷം വരെ സാധിക്കും, അതിനുശേഷം അവരെ സ്ഥിരപ്പെടുത്തുവാനുള്ള ശ്രമങ്ങൾക്കു അവസരമുണ്ടാക്കുകയും ചെയ്യും. ഇതിനകം തന്നെ പല സർക്കാർ വകുപ്പുകളിലും രാഷ്ട്രീയമായും അല്ലാതെയും നൽകിയ താൽക്കാലിക നിയമനങ്ങൾ സ്ഥിരപ്പെടുത്തൽ നടന്നുകൊണ്ടിരിക്കുകയാണ്, അപ്പോൾ ഈ വകുപ്പിന്റെ ദുഷ്ടലാക്ക് സ്ഥിരപ്പെടുത്തൽ തന്നെയാണ്.

പ്രമോഷന്റെ കാര്യത്തിലാണ് അടുത്ത കടന്നുകയറ്റം. ഇന്ത്യയുടെ അതിർത്തിയിലേക്കു ചൈന കടന്നു കയറിയോ എന്ന സംശയം രണ്ടു രാജ്യങ്ങളും അങ്ങോട്ടും ഇങ്ങോട്ടും ചോദിച്ചുകൊണ്ടിരിക്കുന്ന പോലെയാണ് പ്രമോഷന്റെ അവസ്ഥ. ഇതിനകം തന്നെ ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി നിലവിലുണ്ട്, അതിലൂടെ കടന്നുവേണം പ്രമോഷൻ കിട്ടുവാൻ, എന്നാൽ റൂൾസ് വരുമ്പോൾ പ്രമോഷൻ കിട്ടുവാൻ ഈ കമ്മിറ്റിയിലൂടെ നുഴഞ്ഞു കറയറണമെന്നു മാത്രമല്ല, ഇതിലൂടെ കടന്നില്ലെങ്കിൽ സീനിയോറിറ്റി നഷ്ടപ്പെടുകയും ചെയ്യും. ഇവിടെയാണ് കെണിയുംവെച്ച് ആളെ പിടിക്കുവാൻ ലക്ഷ്യം വെയ്ക്കുന്നത്, ഇഷ്ടമില്ലാത്തവർക്ക് പ്രമോഷൻ കൊടുക്കാതിരിക്കുവാനും അവരുടെ സീനിയോറിറ്റി നഷ്ടപ്പെടുത്തുവാനും ഈ കമ്മിറ്റിക്കു സാധിക്കും. ഇപ്പോൾ റിക്രൂട്ട് ചെയ്യുന്നവരുടെ പോസ്റ്റിംഗിലും സ്ഥലംമാറ്റ കാര്യത്തിലും ഉള്ള രാഷ്ട്രീയ ഇടപെടലുകൾ പ്രമോഷന്റെ കാര്യത്തിലും സാധ്യമാകും, സാധ്യമാക്കും, എന്ന സ്ഥിതിയിലേക്കാണ് കാര്യങ്ങളുടെ പോക്ക്. അടങ്ങിയൊതുങ്ങി നിന്നില്ലെങ്കിൽ പ്രമോഷന്റെ കാര്യം കട്ടപൊക, ലളിതമായ ഉത്തരം അതുതന്നെ.

എന്നാൽ ഇത്തരത്തിൽ മിടുക്ക് ഡയറക്ടർമാർക്കൊന്നും വേണ്ട, ഇത്തരത്തിൽ പ്രമോഷൻ കമ്മിറ്റി വഴി കടന്നു വരുന്ന ആളുകളെയെല്ലാം നിയന്ത്രിക്കുന്ന കമ്പനി ഡയറക്ടർമാരാവാൻ ഇത്തരത്തിലുള്ള കമ്മിറ്റിയും സീനിയോറിറ്റിയുമൊന്നും വേണ്ട, അത് ആരെവേണമെങ്കിലും നിയമിക്കാം. അവർക്കു സീനിയോറിറ്റിയും അപ്രൈസൽ ഫോമുകളും മാർക്കുകളുമൊന്നും വേണ്ട, രണ്ട് ഔട്ട് സ്റ്റാന്റിംഗും മൂന്നു വെരിഗുഡും ഒന്നും വേണ്ട, അവർ ഒന്നാം ക്ലാസ്സ് പാസായിട്ടില്ലെങ്കിലും ഡയറക്ടർമാരാക്കാം, അത്തരത്തിൽ ഡയറക്ടർമാരാവുന്നവരാണ് അവർക്കു താഴെയുള്ളവരെല്ലാം കമ്മിറ്റിയിലൂടെ നുഴഞ്ഞുകയറി വരണമെന്നു ശാഠ്യംപിടിക്കുന്നത്. സ്വയം വേണമെന്നു നിഷ്കർഷിക്കാത്ത കാര്യങ്ങൾ മറ്റുള്ളവർക്ക് വേണമെന്നു നിർബന്ധിക്കുന്നതിലാണല്ലോ ബുദ്ധിയുടെ ഉറവിടം സൃഷ്ടിക്കപ്പെടുന്നത്. പല രാഷ്ട്രീയ പാർട്ടികളിലും ശിക്ഷാ നടപടികളുടെ ഭാഗമാണ് തരം താഴ്ത്തൽ, അത് ഇവിടെയും കാണാം. ഡിപ്ലോമ ഉള്ളവരെ നിലവിൽ സബ് എഞ്ചിനീയർ ആയാണ് റിക്രൂട്ട്മെന്റ് നടത്തുന്നത്. എന്നാൽ സ്പെഷ്യൽ റൂൾസ് വരുന്നതോടെ, ഡിപ്ലോമക്കാരെ റിക്രൂട്ട് ചെയ്യുക സബ് എഞ്ചിനീയറുടെ താഴെ ടെക്നിക്കൽ സൂപ്പർ വൈസർ എന്ന തസ്തികയുണ്ടാക്കി അതിലേക്കാണ്. ഡിപ്ലോമക്കാർ അങ്ങിനെ നേരിട്ട് സബ് എഞ്ചിനീയർ ആവണ്ട അവർ ഒരു തസ്തിക താഴെ വന്നു കറിയാൽ മതി, അത് വേറെ ഒന്നിനുമല്ല, അവർ ആദ്യത്തെ പ്രമോഷനിൽ അസിസ്റ്റന്റ് എഞ്ചിനീയർ ആകരുത്, അതായത് സീനിയർ സൂപ്രണ്ടിനു തുല്യമാകരുത്. കൃത്യമായി പറഞ്ഞാൽ ഡിഗ്രിയുള്ളവരെ ജൂനിയർ അസിസ്റ്റന്റ് ആയി എടുത്ത് രണ്ടു പ്രമോഷൻ കഴിഞ്ഞിട്ടാണ് സീനിയർ സൂപ്രണ്ട് ആവുന്നത്, അപ്പോൾ ഡിപ്ലോമയുള്ളവർ ആദ്യത്തെ പ്രമോഷനിൽ തന്നെ സീനിയർ സൂപ്രണ്ടിനു തുല്യമായ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ വന്നു കയറരുത് അത്ര തന്നെ. ഇതിനെയാണ് തരം താഴ്ത്തൽ പ്രക്രിയ എന്നു വിളിക്കുക. ഇത് ഇന്നു അനുവദിച്ചാൽ നാളെ അസിസ്റ്റന്റ് എഞ്ചിനീയറുടെ താഴെ ഒരു തസ്തികയുണ്ടാക്കി ബിടെക്ക് യോഗ്യതയുള്ളവരെ ആ തസ്തികയിലേയ്ക്ക് റിക്രൂട്ട് ചെയ്യും. അപ്പോൾ കാലങ്ങളായുള്ള സീനിയർ സൂപ്രണ്ട് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളുടെ കാര്യത്തിലുള്ള തർക്കത്തിൽ സീനിയർ സൂപ്രണ്ടുമാർക്ക് മേൽക്കൈനേടാം. വർക്ക് മെൻ കാറ്റഗറിയിൽ നിന്നും ഓഫീസർ കാറ്റഗറിയിലേക്കുള്ള പ്രമോഷൻ കുറെയധികം തടയാം എന്ന കാര്യമാണ് ഇതിലൂടെ നടപ്പിലാക്കുക. ട്രേഡ് യൂണിയൻകാരൊന്നും ഇത് കണ്ടഭാവം നടിക്കുന്നില്ല, അത് എന്തുകൊണ്ടാണെന്ന് അറിയില്ല.

പുതിയ ഒരു വിഭാഗമായി വരുന്നതാണ് മൾട്ടി ടാസ്ക്കിംഗ് സ്റ്റാഫ്. ഇവരെ സർവീസിലെടുക്കുമ്പോൾ ഇവർ എന്തു ജോലിയാണ് ചെയ്യേണ്ടി വരികയെന്ന് ആർക്കും അറിയില്ല. അങ്ങിനെ ഇല്ലാത്ത ജോലി ചെയ്യുവാനും ഒരു വിഭാഗം ആളുകളെ റിക്രൂട്ട് ചെയ്യുവാനും റൂൾസ് അവസരമൊരുക്കുന്നുണ്ട്. കറന്റു കമ്പനിയിൽ ആകെയുള്ള ജോലി കറന്റുണ്ടാക്കുകയും അതിന്റെ കണക്കുകളുണ്ടാക്കി കാശു പിരിക്കുകയുമാണ്, ഈ ജോലികൾക്കെല്ലാം കൃത്യമായി നിർവചനങ്ങളുണ്ട്. അതിലേക്ക് എന്തുയോഗ്യത വേണമെന്ന് നിശ്ചയിക്കുവാനും ബുദ്ധിമുട്ടില്ല. അപ്പോഴാണ് മൾട്ടി ടാസ്കിംഗ് എന്ന ഒരു വകുപ്പുണ്ടാക്കുന്നത്. അവർ ഓഫീസ് അറ്റന്റന്റ് മുതൽ ചെയർമാൻ വരെയുള്ള ജോലികളിൽ ഏതു ചെയ്യുവാനും യോഗ്യതയുള്ളവരാണ്. ഇല്ലെങ്കിൽ അവർക്ക് ട്രെയിനിംഗ് കൊടുത്ത് യോഗ്യത ഉള്ളവരാക്കും. അതാണ് സ്പെഷ്യൽ റൂൾസിന്റെ

# ഇല്ലാത്തബോണ്ടും വല്ലാത്ത ട്രസ്റ്റും

*ഗുരുജി*

**കേ**രള സംസ്ഥാന ഇല്ക്ട്രിസിറ്റിബോർഡിന് ഒരു എല്ലു കൂടിയപ്പോൾ, നമ്മൾ കേട്ടു തുടങ്ങിയപേരാണ് മാസ്റ്റർ ട്രസ്റ്റ് അഥവാ പെൻഷൻ ഫണ്ട്. കമ്പനിവൽക്കരണത്തിന്റെ ഭാഗമായി പെൻഷൻ ബാധ്യതകളെല്ലാം കമ്പനിയിൽ നിന്നും എടുത്തുമാറ്റി ട്രസ്റ്റിലേക്ക് ഏല്പിക്കുമെന്നാണ് ത്രികക്ഷി കരാറിൽ ഒപ്പിട്ടപ്പോൾ നമ്മളെല്ലാം മനസിലാക്കിയത്. ട്രസ്റ്റിലെ ഫണ്ടു സ്വരൂപണത്തിനായി പല മാർഗങ്ങളും പറഞ്ഞിരുന്നു. സംസ്ഥാന ബജറ്റിൽ നിന്നുള്ള വിഹിതവും രണ്ടു സെറ്റ് ബോണ്ടുകൾ വിതരണം ചെയ്ത് അതിൽ നിന്നും ലഭിക്കുന്ന തുകകൊണ്ട് 2013 ന് മുമ്പ് സർവീസിലുള്ളവരുടെയും പെൻഷൻകാരുടെയും പെൻഷനും ആനുകൂല്യങ്ങളും നല്കുമെന്നാണ് കരാറിൽ ഉണ്ടായിരുന്നത്. ഈ ബോണ്ടുകൾ നല്കുമ്പോൾ ലഭിക്കുന്ന ഫണ്ട് മാനേജ് ചെയ്തുകൊണ്ട് ഉണ്ടാക്കുന്ന പണം പെൻഷനുവേണ്ടി ഉപയോഗിക്കുക എന്നതായിരുന്നു ധാരണ; ഈ ബോണ്ടുകൾക്ക് നല്കേണ്ട വാർഷിക പലിശ റെഗുലേറ്ററി കമ്മീഷൻ താരിഫ് കമ്മീഷനിൽ ഉൾപ്പെടുത്തി അനുവദിക്കുമെന്നുമായിരുന്നു തീരുമാനം. നമ്മളെല്ലാം ഇതൊക്കെ നടക്കും എന്ന ആശയിലും പെൻഷൻ സുരക്ഷിതമാകണമെന്നുള്ള ആഗ്രഹത്തിലുമായിരുന്നു.

എന്നാൽ എല്ലുകൂടിയ കമ്പനി അങ്ങിനെയുള്ള ബോണ്ടുകളൊന്നും ഇറക്കിയില്ല, രണ്ടു തരത്തിലുള്ള ബോണ്ടുകളാണ് പറഞ്ഞിരുന്നത് പത്തുവർഷത്തേക്കും ഇരുപതുവർഷത്തേക്കുമുള്ള ബോണ്ടുകൾ. ഇതൊന്നും തന്നെ ഇറക്കിയില്ല. പകരം ഒരു ചട്ടക്കടലാസിൽ എണ്ണായിരം കോടി രൂപയുടെ ബോണ്ട് എന്ന് കളർഫുളായി എഴുതിവെച്ചു. അതിനെ ബോണ്ട് എന്നും വിളിച്ചു. ഈ ചട്ടക്കടലാസാണ് മാസ്റ്റർ ട്രസ്റ്റിൽ ആകെയുള്ള മൂലധനം. അതിനുശേഷം ഇതുപോലെ തന്നെ അയ്യായിരം കോടിയും എഴുതിവെച്ചു. ഈ രണ്ടു ചട്ടക്കടലാസും എടുത്തുമാറ്റിയാൽ മാസ്റ്റർ ട്രസ്റ്റിലെ മൂലധനം ശൂന്യം. ഈ ഫണ്ട് ശൂന്യമാകുമ്പോൾ നമ്മുടെ പെൻഷനെല്ലാം അന്യം നിന്നുപോകുമോ എന്ന പേടിയാണ് എല്ലാവർക്കും. എന്നാൽ അത്ഭുതകരമായ കാര്യം ഈ ചട്ടക്കടലാസ് കണ്ടുകൊണ്ട് റഗുലേറ്ററി കമ്മീഷൻ താരിഫ് പെറ്റീഷനിൽ

മിടുക്ക്. ഇങ്ങിനെയുള്ള വിവിധ വശങ്ങൾ ഉൾപ്പെടുത്തിയാണ് സ്പെഷ്യൽ റൂൾസ് ഉണ്ടാക്കിയിരിക്കുന്നത്. ഇതിനു അംഗീകാരം നൽകി കൊണ്ട് സർക്കാർ ഉത്തരവു വന്നതിനു ശേഷം റിക്രൂട്ട് ചെയ്യുന്നവർക്ക് മാത്രമാണ് സ്പെഷ്യൽ റൂൾസ് ബാധകമെന്നു പറയുമ്പോഴും നിലവിലുള്ളവർക്ക് പത്തുവർഷത്തിൽ കുറവാണ് സർവീസെങ്കിൽ ആറുവർഷത്തേക്കുള്ള ഗ്രേഡ് ഓപ്റ്റ് ചെയ്തുകൊണ്ട് സ്പെഷ്യൽ റൂൾസിലേക്കുമാറാം എന്നും പറയുന്നുണ്ട്. ബാക്കിയുള്ളവരും ഇത്തരത്തിൽ ആവശ്യം ഉന്നയിച്ചുവരുമെന്നും അവരെയും സ്പെഷ്യൽ റൂൾസിലേക്കു കൊണ്ടുവരുവാൻ സാധിക്കുമെന്നുള്ള കാഞ്ഞ ബുദ്ധിയാണ് ഇതിന്റെ പിന്നിൽ വർക്ക് ഔട്ട് ആവുന്നത്. ഇത്തരത്തിൽ താൽക്കാലിക നിയമനം, ഔട്ട് ബോർഡിംഗ്, സീനിയോറിറ്റി മറികടക്കൽ, തസ്തികകളുടെ തരം താഴ്ത്തൽ തുടങ്ങിയ കലാപരിപാടികൾകൂടി കെ.എസ്. ആറിൽ തിരുകി കയറ്റി ഉണ്ടാക്കിയിരിക്കുന്നതാണ് സ്പെഷ്യൽ റൂൾസ്.

അതിനുള്ള പലിശയായി തൊള്ളായിരം കോടി അനുവദിക്കുന്നുണ്ടെന്നതാണ് രസകരം. ഇല്ലാത്ത ബോണ്ടിന് വല്ലാതെ പലിശ നൽകുന്ന കമ്മീഷൻ, ഇപ്പോൾ കമ്മീഷനുകളുടെ കാലമായതുകൊണ്ട് തെറ്റിധരിക്കല്ലേ, ഇപ്പറയുന്ന കമ്മീഷൻ റഗുലേറ്ററി കമ്മീഷനാണ്.

ഇത്തവണ താരിഫ് പെറ്റീഷന്റെ ഉത്തര വിറക്കിയപ്പോൾ റഗുലേറ്ററി കമ്മീഷൻ അച്ചട്ടായി പറഞ്ഞു, മാസ്റ്റർ ട്രസ്റ്റ് ഇങ്ങിനെ കൊണ്ടു നടന്നിട്ട് പലിശവേണമെന്നു പറഞ്ഞു ഇങ്ങോട്ടു വരണ്ട, മര്യാദയ്ക്ക് മാസ്റ്റർ ട്രസ്റ്റിനുവേണ്ടിയുള്ള കാര്യങ്ങൾ ചെയ്ത് ഫണ്ടു സ്വരൂപിച്ച്, ഫണ്ടു മാനേജ്ചെയ്ത് പണം ഉണ്ടാക്കിക്കോളണം. അല്ലാതെ കിട്ടുന്ന റവന്യൂ വരുമാനത്തിൽ നിന്നും പെൻഷൻ കൊടുത്തുവെന്നും പറഞ്ഞ് ഇങ്ങോട്ടുവരണ്ട, ഒരു ചില്ലിക്കാശ് തരില്ല. പറഞ്ഞത് കമ്മീഷനായതുകൊണ്ടും നമുക്കു ഒരു എല്ലുകൂടുതലായതുകൊണ്ടും അത് കേൾക്കാൻ പോകുന്നില്ല. കുറച്ചുനാളുകൂടി ഉന്തിതള്ളി കമ്മീഷനെ സോപ്പിട്ട് പെൻഷൻ കാശുകിട്ടിയെന്നു വരും. അതിനുശേഷം പെൻഷന്റെ കാര്യം വലിയ ഭീഷണി നേരിടും. പ്രത്യേകിച്ച് വൈദ്യുതി നിയമ ഭേദഗതിയെങ്ങാനും പാർലമെന്റിൽ പാസായാൽ റഗുലേറ്ററി കമ്മീഷനുകളുടെ നിയന്ത്രണം സംസ്ഥാനങ്ങളിൽ നിന്ന് കേന്ദ്ര സർക്കാരിലേക്കു മാറുകയും ചെയ്താൽ നമ്മുടെയെല്ലാം പെൻഷന്റെ കാര്യം കട്ടപ്പൊക.

അങ്ങിനെ സംഭവിക്കാതിരിക്കണമെങ്കിൽ മാസ്റ്റർ ട്രസ്റ്റിൽ ശരിയായ രീതിയിൽ പണം സ്വരൂപിക്കുകയും അത് മാനേജുചെയ്തുകൊണ്ട് പണമുണ്ടാക്കുകയും വേണം, ത്രികക്ഷി കരാറിലേർപ്പെടുമ്പോൾ എങ്ങിനെ പണം സ്വരൂപിക്കുമെന്നു കൃത്യമായി നിർവ്വചിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അതുപോലെയൊന്നും കാര്യങ്ങൾ ഉണ്ടായില്ല. ചെയ്യേണ്ട സമയത്ത് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാത്തതുകൊണ്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ നമ്മുടെ ഓരോരുത്തരുടെയും തലയിൽ ഇടിത്തീയായി വീഴുമെന്ന കാര്യത്തിൽ നമ്മൾ ഭയക്കേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ ബോർഡ് മാനേജ്മെന്റിനുള്ള അനങ്ങാപ്പാറ നയത്തിനെതിരെ ബോർഡിലെ എല്ലാ ജീവനക്കാരും അണിനിരക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇല്ലെങ്കിൽ പെൻഷൻ മുടങ്ങുന്നു എന്ന കെ.എസ്.ആർ.ടി.സി. വാർത്തകളുടെ കൂടെ കെ.എസ്.ഇ.ബി. എന്ന പേരും വായിക്കേണ്ടി വരുന്ന കാലം വിദൂരമല്ല.

✵

## Letters to the Editor




✍ മലയാളത്തിലുള്ള ലേഖനങ്ങൾ എഴുതി തയ്യാറാക്കിയോ, PDF ഫോർമാറ്റിലോ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

### കത്തുകൾ അയക്കേണ്ട വിലാസം

The Chief Editor

**Hydel Bullet**
KSEB Engineers' Association, Panavila
Thiruvananthapuram - 01
Phone : 0471 - 2330696

hydelbulletin@gmail.com 9447577588

# വിലയ്ക്കുവാങ്ങുന്ന വിപത്തുകൾ–4
# ഉരുൾപൊട്ടലും വിമാനദുരന്തവും



*Er. ഇ.എം. നസീർ*
*എക്സിക്യുട്ടീവ് എഞ്ചിനിയർ (Rtd.)*

**കോ**വിഡ് – 19 മഹാമാരി സൃഷ്ടിച്ച ആശങ്ക അനുദിനം വർദ്ധിച്ചുവരുമ്പോഴാണ് മൂന്നാറിൽ നിന്ന് 21 കിലോ മീറ്റർ അകലെയുള്ള രാജമലയിലെ പെട്ടിമുടി എന്ന സ്ഥലത്ത് ഇക്കഴിഞ്ഞ ആഗസ്റ്റ് 6 ന് രാത്രി 11 മണിയോടെ സംഹാര താണ്ഡവത്തോടെയുള്ള മണ്ണിടിച്ചിലുണ്ടായത്. 65 പേരുടെ മരണം സ്ഥിരീകരിച്ചു, 5 പേരെ കണ്ടെത്താനുണ്ട് (ഇതെഴുതുമ്പോഴുള്ള കണക്കാണിത്)

പേമാരിയും മണ്ണിടിച്ചിലുമൊക്കെ കുറെക്കാലമായി കേരളത്തിലെ പതിവുപ്രതിഭാസമാണ്. ദുരന്തങ്ങളുണ്ടാകുമ്പോൾ ഭൂകമ്പത്തെക്കാൾ തീവ്രതകൂടിയ 'ഞെട്ടൽ' രേഖപ്പെടുത്തി അധികാരി വർഗ്ഗം ചടങ്ങുതീർക്കും. ചാനൽ ക്യാമറകൾക്കു മുന്നിൽ കണ്ണീർ പുഴകൾ സൃഷ്ടിച്ച് വഴിപാടു പൂർത്തിയാക്കും. ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കാനായി കാര്യമായൊന്നും ചെയ്യാതെ, വന നശീകരണത്തിനും അനധികൃത നിർമ്മിതികൾക്കും പാറപൊട്ടിക്കലിനും വേണ്ട ഒത്താശകളും ശുപാർശ നടത്തലും പതിവിൻ പടി തുടരും. പാവപ്പെട്ട തൊഴിലാളികൾ താമസിച്ചിരുന്ന ചെറുവീടുകളെയാണ് നിമിഷ നേരം കൊണ്ട് തകർന്നടിഞ്ഞ കുന്നുകൾ വിഴുങ്ങിയത്.

മലയോരങ്ങളിലെ വീടുകൾ ഒട്ടുമിക്കതും മഴക്കാലത്ത് വൻഭീഷണിയിലാകുന്നത് ഏറെക്കാലമായി തുടരുന്നു. ഇതൊന്നും അറിയാത്തവരല്ല ഭരണാധികാരികളും രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥ വിഭാഗവും. അവിഹിത സ്വത്ത് സമ്പാദനത്തിന്റെയും സ്വാധീനത്തിന്റെയും സമ്മർദ്ദത്തിന്റെയും അടിമകളായിപ്പോയി അവർ. പ്രകൃതിയിൽ ആഘാതമേൽപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുകയോ അവ കണ്ടില്ലെന്ന് നടിക്കുകയോ ചെയ്യുന്നു. സത്യസന്ധരായ ഉദ്യോഗസ്ഥരിൽ സമ്മർദ്ദം ചെലുത്തി കുറ്റകൃത്യങ്ങൾക്ക് പ്രേരിപ്പിക്കുന്നു. വഴങ്ങാത്തവരെ 'നിയമപരമായും' അല്ലാതെയും ദ്രോഹിച്ചും പീഡിപ്പിച്ചും ഭയപ്പെടുത്തിയും വരുതിയിൽ നിറുത്തി കാര്യങ്ങൾ നേടിയ ശേഷം പിതൃശൂന്യത പ്രകടമാക്കി തടിതപ്പുന്നു.

പേമാരിയും പ്രളയവും മണ്ണിടിച്ചിലും ഉരുൾപൊട്ടലുമൊക്കെ സംഭവിക്കാനുള്ള സാദ്ധ്യത നിലനിന്നിരുന്നു. മുന്നറിയിപ്പും ജാഗ്രത നിർദ്ദേശവും നിലവിലുണ്ടായിരുന്നു. കനത്തമഴയും കൊടുങ്കാറ്റും പ്രതീക്ഷിച്ചിരുന്നു. അതനുസരിച്ചുള്ള അപകട സാദ്ധ്യത മുന്നിൽകണ്ട് അത്തരം മേഖലയിലുള്ളവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുന്ന കാര്യത്തിൽ അമാന്തം സംഭവിച്ചുപോയി. മണ്ണിടിച്ചിൽ സാദ്ധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി അത് തടയാൻ വേണ്ട സംരക്ഷണ നിർമ്മിതികൾ കാലേക്കൂട്ടിതയാറാക്കിയിരുന്നതുമില്ല.

പരിസ്ഥിതിക്കാരുടെ, ഇരട്ടത്താപ്പാണ് ഏറെ ലജ്ജാകരം. വലിയ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്ന വാഹനപ്പെരുപ്പ

ത്തിനെതിരെ ഒരക്ഷരം ഉരിയാടില്ല, പ്രവർത്തിക്കില്ല. വാഹനവർദ്ധനവിനൊത്ത് റോഡു വികസിക്കണമെന്നാവശ്യപ്പെടും. അതിനു വേണ്ട പാറയും ചല്ലിയും മണലും സംഭരിക്കുന്നതിനെ എതിർക്കും. സ്വകാര്യ വാഹനങ്ങളും അവയുടെ ദുരുപയോഗവും ഇവർക്ക് ഒഴിവാക്കാനാകില്ല. തങ്ങൾക്കു ഗുണകരമായ കാര്യങ്ങൾക്ക് പ്രകൃതിയെ ഹിംസിക്കുന്നതിൽ ഇവർ കുറ്റം കാണില്ല.

ഇനി കോഴിക്കോട് വിമാനത്താവളത്തിൽ സംഭവിച്ച ദുരന്തത്തിലേക്ക്. പെട്ടിമുടിയിലെ ദുരന്തത്തിന്റെ നടുക്കത്തിലായിരിക്കുമ്പോഴാണ് കൂനിന്മേൽ കുരുപോലെ വിമാനത്താവളത്തിലെ റൺവേയിൽ നിന്ന് തെന്നി നീങ്ങിയ വിമാനം അപകടത്തിൽപ്പെട്ടത്. ആഗസ്റ്റ് ഏഴാംതീയതി വൈകുന്നേരം ഏഴരമണിയോടെ വന്ദേ ഭാരത് മിഷന്റെ ഭാഗമായി ദുബായിൽ നിന്നു വന്ന ബോയിംഗ് വിമാനം ലാന്റിംഗ് സമയത്ത് റൺവേയും കടന്ന് മുന്നോട്ട് പോയി പുറത്തുചാടി മുപ്പതടി താഴ്ചയിലേക്ക് വീണ് രണ്ടായി മുറിയുകയായിരുന്നു. ഇരുപത്പേർമരിച്ചതായിരുന്നു ഒടുവിലത്തെ റിപ്പോർട്ട്. പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്ന പലരുടെയും നില ഗുരുതരമായി തുടരുന്നു.

ടേബിൾ ടോപ്പ് റൺവേയ്ക്ക് സുരക്ഷിത നീളം ഉണ്ടായിരുന്നില്ലായെന്നാണ് അപകട കാരണമായി ചില കേന്ദ്രങ്ങൾ ആരോപിക്കുന്നത്. കനത്തമഴയും അതു കാരണം സംസ്ഥാനത്ത് ഒട്ടുമിക്ക ഭാഗത്തും ജാഗ്രത നിർദ്ദേശങ്ങൾ നിലനിന്നിരുന്ന സാഹചര്യ വും ലാന്റിംഗിന് സുരക്ഷിതമായിരുന്നില്ലെന്ന് മറ്റൊരുവാദം, പൈലറ്റ് മാരുടെ പിഴവ് മൂന്നാമത്തെ നിഗമനം. വിമാനത്തിന് എന്തെങ്കിലും യന്ത്രത്തകരാറുണ്ടെന്ന് ആരും എങ്ങും പറഞ്ഞു കേട്ടതുമില്ല. അപ്പോൾ ആർക്കോ എവിടെയോ പിഴവുപറ്റിയെന്ന കാര്യം തീർച്ചയാണ്. അതൊക്കെ അന്വേഷണ ത്തിൽ മാത്രമേ വെളിപ്പെടുകയുള്ളു. വിമാനത്തിന് തീപിടിക്കാത്തതും സ്പോടന മുണ്ടാകാത്തതും ആശ്വാസം പകരുന്നുവെങ്കിലും സംഭവിച്ച ദുരന്തത്തിന്റെ തീവ്രത ചെറുതായിക്കാണാനാവില്ല.

ഈ അവസരത്തിൽ ഇരു ദുരന്തങ്ങളിലും ഒട്ടും സമയം പാഴാക്കാതെ സമചിത്തതയോടെ നേരിട്ടിടപെട്ട് രക്ഷാപ്രവർത്തനങ്ങളിലേർപ്പെട്ട പരിസരവാസികളെക്കുറിച്ച് പരാമർശിക്കാതിരിക്കാനാകില്ല. അതിസാഹസികമായി ത്യാഗബുദ്ധിയോടെ കഠിനാദ്ധ്വാനത്തിലൂടെയും സമയോചിതമായും പിഴവുകളില്ലാതെയും അവർ സ്വയം കർമ്മ നിരതരായി. നൂറുശതമാനം നിഷ്കളങ്കരായ പരോപകാരികൾ. വിഭാഗീയ - സങ്കുചിത-സ്വാർത്ഥ താൽപര്യങ്ങൾ തൊട്ടുതീണ്ടിയിട്ടില്ലാത്തവർ; നന്മയുടെ ആൾരൂപങ്ങൾ, തങ്ങൾ എന്തോ മഹാകാര്യം ചെയ്തുവെന്ന വിലകുറഞ്ഞ അവകാശ വാദങ്ങൾ ഉന്നയിക്കാത്തവർ. ഇത്തരം ശുദ്ധമനസ്കരെ പല ദുർഘടഘട്ടങ്ങളിൽ പലയിടത്തായി നാം കണ്ടു. ഇത്തരക്കാരുടെ സന്മനസ്സുകൊണ്ടുമാത്രം ഒട്ടേറെപ്പേർ ഇന്ന് ജീവിച്ചിരിക്കുന്നു. പൊതുസമൂഹത്തിന്റെ പൊതുവികാരമാണ് ഇവർ തങ്ങളുടെ പ്രവർത്തനങ്ങളിലൂടെ പ്രകടിപ്പിച്ചത്.

ഇതുപോലുള്ള നന്മനിറഞ്ഞവരിൽ വളരെ ആസൂത്രിതമായി വിഭാഗീയതയുടെ വിഷം കുത്തിനിറച്ച് തമ്മിലടിപ്പിച്ച്, കലാപവും കൊള്ളയും കൊലയും കൊള്ളിവയ്പും നടത്തിച്ച് വൻ നേട്ടങ്ങൾ കൊയ്ത് അതിസമ്പന്നരായി കുടുംബാംഗങ്ങൾക്കൊപ്പം ഭാഗ്യവാന്മാരായി സുഖലോലുപ ജീവിതം നയിക്കുന്നവരുണ്ട്. ഇവർ കാരണം ഇപ്പോൾ ജീവിക്കേണ്ടിയിരുന്ന എത്രയോപേർക്ക് ഈ ലോകത്തോട് വിടപറയേണ്ടി വന്നിട്ടുണ്ട്. പെട്ടിമുടിയിലേയും കരിപ്പൂരിലേയും ദുരന്തങ്ങളെക്കാൾ മാരകമാണ് ഈ ക്ഷുദ്രകീടങ്ങൾ. നന്മയെയും തിന്മയെയും തിരിച്ചറിയേണ്ട സന്ദർഭം കൂടിയാണിത്.

# Control system equipment that supervises, protects and controls the substation operation



*Er. Anoop Vijayan*
Assistant Engineer

**Control system equipment**

The control system equipment in a substation is a vital part that supervises, protects and controls the transmission of electrical power. The increasing complexity in the substations of today, together with the increasing transmitted power and the increasing fault current levels, means increasing requirement set on the control and protection equipment.



*Control system equipment that supervises, protects and controls the substation operation*

Dependent of the stations location in the networks and the power consumption, the operation and maintenance organization of the customer and government regulations etc., many choices must be done in order to achieve lowest possible Life Cycle Cost (LCC). The highest possible service reliability is a general goal. Flexibility and maintainability are also important factors in order to attain a total reliability.

The first choices are the selection of the primary apparatus. The choice of **AIS** or GIS switchgear and decision of the switchgear arrangement, to be used and transformer sizes etc. are important in order to achieve a low LCC. Thereafter choices of control and protection equipment must be done e.g. digital control equipment, single or redundant protection systems, design and voltage of battery system, choice of battery type etc.

*All choices must be done with the expected future development in mind. Later changes will always mean a much higher cost than a selection made after future needs.*

It's always difficult to foresee the future but a summary of expected changes of the power network in the area of the new station should always be done e.g.

by checking plans for building of new living areas, starting of new industries etc., with the communities.

In this technical article a survey of different parts of the control and protection equipment is done. Equipment included in the control system are auxiliary power systems, protection system, metering equipment, control and regulation, signalling and even t recording, and operation.

Table of contents:

1. **Instrument Transformers**
    1. Current Transformers
        1. Location
        2. Earthing
        3. Reconnected CT's
        4. Terminals
    2. Voltage Transformers
        1. Location
        2. Earthing and Fusing
        3. Supervision
        4. Cabling
    3. Auxiliary Power Distribution
    4. Supply of different equipment
2. **Protection and Control Equipment**
    1. Design of protection panels
        1. Terminals
        2. Trip circuit design
        3. Busbar protection trip circuits
        4. Lock out tripping
        5. Capacitive discharges
3. **Signalling**
    1. Fault Signalling
    2. Annunciator System
    3. Event Recorder
    4. Disturbance Recorder
    5. Remote Signalling

## 1. Instrument Transformers

### 1.1 Current Transformers

#### *1.1.1 Location*

The location of the current transformers will give the limitation of the protection zones. The most common approach is to locate the current transformer at the outside of the object circuit breaker, so that a Busbar differential protection will cover the circuit breaker.

The location should generally be as close as possible to the circuit breaker as the breaker will open when a fault is detected. The zones where an incorrect tripping is achieved is thereby minimized.

For GIS switchgears a requirement to cover all GIS compartment from the busbar protection is often raised. This will ensure an instantaneous trip for all faults in the GIS and the risk of "burn-through" is thereby minimized.

For lower voltages where busbar protection is not used, a location of the current transformer to between the breaker and the busbar could be advantageous, but is usually impossible to do due to the mechanical construction.

When Transfer busbars,C-arrangements, are used a location of current transformers outside the C-disconnector is preferred. The object protection will then still be in operation when the

transfer busbar and transfer breaker is used to by pass another breaker scheduled for maintenance and a rearrangement of the trip circuit to the transfer breaker can simply be done (see Figure 1).




*Figure 1 – The location of current transformer at a AC-Busbar arrangement*

At one and a half breaker systems and double breaker systems, the current transformers in the two sections are connected together in a summation. Similar core data on the involved cores will match each other when the cores are summed.

A control of possible primary current loops through the current transformer must be done, **when circuit breaker is earthed on both sides.** Resistance of primary loop is seen as the current transformer ratio in square times the primary loop resistance from the secondary side.

A fault or load current in the other (summated) current transformer will thus be split up between protection/ meters and the primary loop according to the impedances in the two circuits.

*Especially for CTs with low ratio, primary resistance seen from secondary side could be quite low,* ***leading to an important measuring error for the metering and fail to trip for a primary fault.*** *This is due to the fact, that a part of the load/fault current will create a primary circulating current instead of going through the meter/protection.*

For high impedance protection schemes this could be a problem even with not so low CT-ratio and must be checked. (See Figure 2)




*Figure 2 – Summation of current transformers in a double busbar arrangement*

*Where: BFR stands for Breaker failure function*

### *1.1.2 Earthing*

To prevent dangerous potential in the secondary circuit of a current transformer all secondary circuits shall be earthed. Only one earthing point may

be used when several current transformers are connected together in a summation or differential connection.

This is necessary as equalizing currents else can flow through the circuit, during a primary earth fault.

Neutral connection and earthing can be made according to varying practises in different countries and with different utilities. Earthing towards the protected object and neutral connection are the most common principles followed by most companies and manufacturers of protection and metering equipment.

Usually, two principles are followed:

1. Neutral and earth towards protected object.
2. Neutral and earth toward the metering direction.

### 1.1.3 Reconnected CT's

Primary as well as secondary reconnection is used. At primary reconnection there are two primary windings, usually only one turn each, which are connected in series or in parallel. Independent of the connection the same core data will be achieved.

*Secondary reconnected cores has taps on the secondary winding. The core data will then be, as best, linearly reduced. Due to the reduction of core data a difference between maximum and minimum tap, higher than 1:2 should be avoided as the secondary circuit burden is always the same. Secondary taps not used shall be left open. Cores not used shall be short-circuited at maximum taps.*

An open current transformer secondary circuit will mean dangerous voltages and must therefor be avoided carefully.

### 1.1.4 Terminals

To enable a simple testing and reconnection of current circuits at commissioning/fault finding a terminal grouping as in Figure 3 can be used. A simple change of current direction is achieved by changing the link. A simple test of each core can be done from the terminals.

The terminals are openable with links and should be suitable for connection of normal test wires.




Figure 3 – A terminal arrangement which allows simple reconnection of a current transformer direction and a simple testing of each core

## 1.2 Voltage Transformers (VTs)

### *1.2.1 Location of VTs*

The location of the voltage transformers will primary depend on the switchgear arrangement, the protection, the metering and the automatics connected. Normally, voltage transformers connected **to the busbars and at the low voltage side of the transformers** are satisfactory in a distribution substation. Directional protection on outgoing bays are then fed from the busbar VTs.

On the transmission voltage level the protection equipment will normally require voltage transformers at all objects, sometimes with exception of the HV side of power transformers. Further, a single phase set is located at the busbars for voltage, frequency and synchronizing purpose.

This avoids complex voltage selection schemes.

### *1.2.2 Earthing and fusing of VTs*

The secondary circuits are fused and earthed in the VT marshalling box. This will ensure that dangerous voltages will not occur. Connection of different VT/CVT circuits should therefor be avoided to prevent equalizing currents in the secondary circuits during primary earth faults.

The fusing can be done with diazed fuses or miniature circuit breakers (MCBs). The tripping condition must be checked i.e. it must be checked that the fuses/MCB will trip within a reasonable time (e.g. 5 sec). This normally means that higher rated currents than 6 A cannot be used.

### *1.2.3 Supervision of VTs*

A fault can always occur even if the plant is well designed and well constructed. When a fault occurs it's of importance that the fault is immediately detected and an alarm given to enable the maintenance personal to quickly repair the fault.

*A fault in a metering circuit will mean* ***incorrect metering, with loss of income as a result.*** *A fault in a protection circuit can mean one missing or incorrect tripping which will lead to unnecessary disconnecting of one or several objects. The supervision of a voltage transformer secondary circuit can be done according to Figure 4 if the circuit supplies metering equipment.*

An occurring unsymmetry between the phases will be detected and the relay can by that detect one or two phase fuse failure.



*Figure 4 – Supervision of a voltage transformer circuit (for alarm purpose only)*

If a protection relay is supplied a supervision according to Figure 5 can be used. A differential voltage measuring is used where the voltage of a main fuse, supplying the protection relay, and a pilot fuse are compared.

This principle will detect one, two or three phase fuse failures.




*Figure 5 – Supervision of a Voltage transformer secondary circuit (for blocking of protection)*

Another solution used to detect fuse failures in some types of Distance protection is to compare the occurrence of zero, or negative, sequence voltage with the occurrence of zero, or negative, sequence current. If only voltage occurs the problem is a blown fuse. If both current and voltages occur there isn't a fuse problem but a primary earth fault.

*The drawback with this principle is that* ***it will only detect one and two phase fuse failures.*** *However the normal faults on a voltage transformer circuits are to earth and in rare cases between two phases.*

If MCBs are used an auxiliary contact can be used to give alarm. If Distance protection relays shall be blocked a special MCB with low instantaneous level and a very fast auxiliary contact must be used.

### *1.2.4 Cabling of VTs*

Dedicated cables shall be used for the voltage transformer secondary circuits. The cable shall be screened and earthed at both ends to keep the disturbance voltages to low levels.

The secondary cabling must be dimensioned to:

1. Ensure that fuse/MCB will operate, in a reasonable time, for a fault at the far end of the cables.
2. Keep the voltage drop, due to the burden, one level lower than the inaccuracies in the voltage transformer.

A special problem occurring in voltage transformer circuits **if fuses are used is the risk of back-feeding a faulty phase from the healthy phases**.

This phenomena occurs when phase to phase connected load exists. The phase with the blown fuse can reach rather high voltage level. The level is decided by the load in the different phases as indicated in Figure 6.




*Figure 6 – Back-feed of voltages to a faulty phase, when phase to phase load exists*

## 1.3 Auxiliary Power Distribution

The auxiliary power system has a very central role in a substation. A fault in the battery system will mean that **neither control and protection equipment nor primary equipment can fulfil their tasks.** Often a complete station or a big part of a station is influence by a main problem in the auxiliary power system.

At higher system voltages, two battery systems are mostly provided to feed the local back-up protection, in redundant protection systems. At lower voltages this is not necessary as a protection system with remote back-up normally is used. This means that faults can be detected from another location as well.

*The DC distribution ensures that protection relays which are providing back-up to each other (e.g. outgoing feeder and transformer protection) are **fed from different main fuses in the battery distribution.** This will ensure that minimum possible part is tripped at a primary fault even with a single failure in the fault clearing chain, as in this case, in the battery system. The supervision of a the auxiliary power supply is of utmost importance.*

The secured feeding of alarm circuits for DC problems must be ensured. A well designed supervision of the DC supply to an object should supervise the feeding fuse, an open circuit and a blown fuse/MCB in the sub-distribution.

An example of a DC supervision is shown in Figure 7. It's often a good idea to include the contacts of the DC/DC converters in the different protection relays in the supervision, so that a common alarm is given when DC problems anywhere in the distribution occurs.




*Figure 7 – Supervision of the DC supply to a protection panel, detecting faulty supply fuse, open circuit and DC/DC converter failures*

## 1.4 Supply of different equipment

Varying principles are used in the auxiliary power supply of the equipment. An important principle is **to limit the distribution of the auxiliary power supply to the protection system as much as possible**, and to use only one supply to the protection of an object and the breaker trip coil.

*The limitation of the circuit distribution is done* ***by feeding disconnector, earthing switch operation circuits and enabling circuits etc. from separate supplies.*** *The trip coil can in a system without redundant protection be supplied from the same supply as the protection relays and the trip coil. A closing is then not possible if the voltage supply to trip isn't available.*

To simplify the fault finding at earth faults in the DC supply system a structured terminal system as shown in Figure 8 can be useful.




*Figure 8 – A terminal arrangement, enabling a simple localization of earth faults and a simple design of the DC distribution to different panels and boxes*

The system includes a supply of marshalling boxes, control panels (and other panels) and internal distribution from different terminals, so that each circuit simply can be opened and checked for e. g. bad insulation. The terminal numbering system utilized is described later on.

To enable location of an earth fault, in a operation circuit, at a disconnector/ earthing switch, with two pole operation, a resistor shall be connected across the contact at the negative side.

## 2. Protection and Control Equipment

2.1 Design of Protection Panels

The panel design and construction shall be done following a number of general guidelines:

1. The layout are to follow the layout of the primary switchgear to avoid confusion.
2. The panels should be clearly and visible labelled, so that objects located in the panel is simply identified.
3. The possibilities of future extensions should be kept in mind both in panel design and the location in the room etc.
4. Maintenance should be simplified as much as possible and the design should minimize the risk of mistakes such as testing the wrong object or the need of making a lot of reconnections, to enable testing.
5. Two object per panel, should be avoided but must be done out of cost reason. The belongings of the object shall then clearly be labelled both on front and inside the panel.

### *2.1.1 Terminals*

The terminals are small but important components in a substation. They should have possibility to simple connect and disconnect measuring wires with a clearly visible indication. A maximum of two cores are to be connected at each side of the terminal and a mixture of single core and stranded wires should be avoided.

*At terminal numbering* ***a clear structure should be used to improve the total quality.*** *The design engineer will by that know which terminal group to use for different types of circuits. Different circuits in the panel can simply be separated. The workshop testing and the site commissioning personnel will from the numbering see what circuit type they are working with e.g. they can simple differ a current circuit from a auxiliary supply circuit.*

The system used enables a clear separation of main and back-up protection and gives an indication of interface and trip circuits which is of importance for the service and maintenance. The system is also made for connection of cables. Cable cores are simple to erect as the connection of the different cores is in the same group.

Extra terminals for future use can also simply be added with a prepared and correct number.

### *2.1.2 Trip circuit design*

The trip circuits are together with the DC supply key parts of the fault clearance chain. Trip circuit supervision can be used to improve the depen dability of the circuit. The circuit from the relay panel to the circuit breaker, including the auxiliary contact of the breaker is supervised by a small current (1-20 mA), fed through the circuit.

Through a special circuit, with a resistor and an auxiliary contact at the breaker, the circuit can be supervised also when the breaker is open. A double

supervision where a current measuring relay is connected both in the breaker circuit and across the relay can be used when lock-out trip relays are used.

The arrangement of a trip circuit supervision is shown in Figure 9.




*Figure 9 – Arrangement of a trip circuit supervision.a) Single supervision, b) Double supervision (with lock-out trip relays)*

The trip coils of the circuit breaker normally have a power need of 200-300W. A common requirement is that the contacts of the trip relays are capable of breaking the current to the trip coils even though there is an auxiliary contact in the breaker doing this.

This contact will however not operate at a breaker failure and heavy duty contacts are therefor advantageous.

### 2.1.3 Busbar protection trip circuits

Trip arrangements for busbar protection relays can be done in different ways. The bus-principle as shown in Figure 10 is preferred, as it gives a simple and clear technical solution, where Breaker failure trip simple can be arranged to trip the busbar, without need of extra auxiliary contact on the disconnectors.



*Figure 10 – A trip busbar arrangement, for busbar protection tripping, gives a simple solution and allows the CBF trip to be connected without extra auxiliary circuits on the disconnectors*

### 2.1.4 Lock out tripping

Lock-out of circuit breaker closing should be initiated from protection relays covering faults of permanent type. Lock-out relays are reset manually, when the fault has been repaired. The best solution is to open the close circuit only. A permanent signal in the trip circuit only isn't good as the breaker then can be unnecessary initiated even though instantaneously retripped.

A continuous trip will also mean problems for trip circuit supervision and special care need to be taken for this.

*It should also be remembered that a Breaker trip coil cannot accept more than a short trip pulse. Long pulses will destroy the trip coils and this can happen e. g. when a Breaker has not stored energy in the operating device and the trip relay is initiated, mostly then during testing.*

Lock-out should thus preferable be performed with self reset trip relays and latching relays opening the closing circuit only.

### 2.1.5 Capacitive discharges

Trip and important operation relays should be stable during the capacitive discharges which can occur at an earth fault in the DC system. The problem is shown in Figure 11.

Special types of relays with a stabilization against this discharge are available.




*Figure 11 – An earth fault in the battery system, will give capacitive discharges, which can operate trip relays. Secured trip relays should be used when the circuit is simply available e.g. in terminals.*

## 3. Signalling

### 3.1 Fault Signalling

At a fault in the primary network it's of importance that the operating personal receives **information about fault type,** whether the fault is persistent or transient, what phases are involved and the fault location so that correct actions can be taken.

At a fault in a the protection and control equipment it's of great importance that the operating personal receives information about the disturbances so that corrective actions can be taken. These faults don't normally mean disturbance for the system service but need to be repaired within a short time.

*An alarm for a fault in the battery system like a lost battery charging need to be fixed within 4-10 hours depending on the batteries capacity so that the station is not left without protection and control possibilities. A fault in the primary system would then cause* ***unnecessary large consequence, with damaged equipment*** *and disconnection of far to big parts of the network as a result.*

Several different equipment types are used to give information about primary and control equipment faults. Among them you'll find:

- Annunciator system
- Event recorder
- Disturbance recorder
